സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് – ജീവനക്കാര്യം – അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ കേഡറിലെ സ്ഥലംമാറ്റവും സ്ഥാനക്കയറ്റവും സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 5600/24/Est-1(ii)** നന്തൻകോട് **12/09/2024**

---

പരാമർശം :– (1) 04–06–2024 ൽ ചേർന്ന തിരുവിതാംകൂർ ദേവസ്വം ബോർഡ് വകുപ്പുതല പ്രൊമോഷൻ കമ്മിറ്റിയുടെ മിനിറ്റ്സ്.

(2) 15–06–2024 ലെ ROC 5600/24/Est-1 (iii) നമ്പർ ബോർഡുത്തരവ്.

(3) 15–06–2024 ലെ മേൽ നമ്പർ ഉത്തരവ്.

(4) 22–06–2024 ലെ ROC 5600/24/Est-1 നമ്പർ ബോർഡുത്തരവ്.

(5) ബഹു: ഹൈക്കോടതിയുടെ DBA 09/2024 കേസ്സിന്മേലുള്ള 06–09–2024 ലെ ഉത്തരവ്.

## ഉത്തരവ്

തിരുവനന്തപുരം വിജിലൻസ് ആഫീസർ ശ്രീ. ഒ.ജി. ബിജു –ന് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡറിൽ പ്രൊമോഷൻ നൽകിയ ഒഴിവിലേക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി തയ്യാറാക്കിയ 2024 ലെ സെലക്ട് ലിസ്റ്റിൽ (പരാമർശം –1) നിന്നും അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ കേഡറിലേക്ക് സ്ഥാനക്കയറ്റവും സ്ഥലംമാറ്റവും അനുവദിക്കുന്നു.

ശബരിമല അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ആഫീസർ, നിലയ്ക്കൽ ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ആഫീസർ എന്നീ തസ്തികകളിലേക്ക് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് ബഹു: കേരള ഹൈക്കോടതിയുടെ പരാമർശം (5) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ബോർഡുത്തരവായിരിക്കുന്നു.

### I. സ്ഥലംമാറ്റം :

താഴെപറയുന്ന അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ കേഡറിലെ ഉദ്യോഗസ്ഥരെ സ്ഥലംമാറ്റി നിയമിച്ചിരിക്കുന്നു.

| ക്രമ നം. | പേര്, നിലവിൽ ജോലി നോക്കുന്ന തസ്തിക, ആഫീസ് | സ്ഥലംമാറ്റം നൽകുന്ന തസ്തിക, ആഫീസ് |
|---|---|---|
| 1. | ശ്രീ.പി.എസ്.ശാന്തകുമാർ,<br>അസിസ്റ്റന്റ് സെക്രട്ടറി,<br>ശബരിമല സെൽ,ബോർഡ് ആഫീസ് | സൂപ്രണ്ട്,<br>ദേവസ്വം അക്കൗണ്ട്സ് ആഫീസ് |
| 2. | ശ്രീ. എസ്. ശ്രീനിവാസ്,<br>അസിസ്റ്റന്റ് ആഡിറ്റ് ആഫീസർ,<br>മാവേലിക്കര | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ആഫീസർ,<br>ശബരിമല |
| 3. | ശ്രീ. ശ്യാംപ്രകാശ്,<br>സൂപ്രണ്ട്,<br>ദേവസ്വം അക്കൗണ്ട്സ് ആഫീസ് | അസിസ്റ്റന്റ് സെക്രട്ടറി,<br>ശബരിമല സെൽ<br>ബോർഡ് ആഫീസ് |

## II. സ്ഥാനക്കയറ്റം

2024 ലെ ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മിറ്റി അംഗീകരിച്ച ലിസ്റ്റിൽ നിന്നും 11 പേർക്ക് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ/അഡ്മിനിസ്ട്രേറ്റീവ് ആഫീസർ കേഡറിൽ സ്ഥാനക്കയറ്റം നൽകി (പരാമർശം –2). ആയതിൽ ക്രമനമ്പർ 6 ആയ ശ്രീ. യു. ശ്രീക്കുട്ടൻ നമ്പൂതിരിക്ക് ഒഴികെ ബാക്കിയെല്ലാപേർക്കും നിയമന ഉത്തരവ് നൽകിയിരുന്നു (പരാമർശം –3). ശ്രീ. യു. ശ്രീക്കുട്ടൻ നമ്പൂതിരിയെ നിലയ്ക്കൽ ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ആഫീസർ ആയി നിയോഗിക്കുന്നതിന് ബഹു: ഹൈക്കോടതിയുടെ അംഗീകാരം ലഭ്യമാക്കുന്നതിന് ബോർഡ് തീരുമാനിച്ചിരുന്നു (പരാമർശം –4). തുടർന്ന് ടിയാനെ നിലയ്ക്കൽ ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ആഫീസർ ആയി നിയമിക്കുന്നതിന് ബഹു: ഹൈക്കോടതിയുടെ അംഗീകാരം ലഭിച്ചു (പരാമർശം –5).

ഈ സാഹചര്യത്തിൽ ശ്രീ. യു. ശ്രീക്കുട്ടൻ നമ്പൂതിരിയെ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ/അഡ്മിനിസ്ട്രേറ്റീവ് ആഫീസർ തസ്തികയിലേക്ക് 56500 – 118100 രൂപ ശമ്പളസ്കെയിലിൽ നിലയ്ക്കൽ ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ആഫീസർ ആയി നിയമിക്കുന്നു.

കൂടാതെ മാവേലിക്കര ഗ്രൂപ്പിൽപ്പെട്ട കണ്ണനാംകുഴി ദേവസ്വം സ്പെഷ്യൽ ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ ആയ ശ്രീ. സന്തോഷ് കുമാർ. എസ് –നെ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ/അഡ്മിനിസ്ട്രേറ്റീവ് ആഫീസർ തസ്തികയിലേക്ക് 56500 – 118100 രൂപ ശമ്പളസ്കെയിലിൽ സ്ഥാനക്കയറ്റം നൽകി കൊല്ലം ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആയി നിയമിക്കുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി
(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ബഹു: പ്രസിഡന്റിന്റെ പേഴ്സണൽ സെക്രട്ടറി
3. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)

4. ലെയ്സൺ ആഫീസർ, എറണാകുളം
5. ഐ.റ്റി. ഡിവിഷൻ
6. സെക്ഷൻ ഫയൽ
7. ഫയൽ ബുക്ക്
8. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

**SK**